# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## കുരിശാണ് നമ്മുടെ ശക്തി: ഫ്രാൻസിസ് മാർപാപ്പ



വത്തിക്കാൻ: കുരിശാണ് ക്രിസ്തു ശിഷ്യരുടെ ശക്തിയെന്ന് ഫ്രാൻസിസ് പാപ്പ. കുരിശിലാണ് നാം അഭയം കണ്ടെത്തേണ്ടത്. ഇന്നലെ ആഗോള മെത്രാൻ സിനഡിന്റെ 50-ാം വാർഷികം ഉദ്ഘാടനം ചെയ്തുകൊണ്ട് ബിഷപ്പുമാരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സ്നേഹിക്കാനും അന്യർക്കു സേവനം ചെയ്യാനുമാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. കുരിശിൽ മരിച്ച ക്രിസ്തുവാണ് ഇക്കാര്യത്തിൽ നമ്മുടെ മാതൃക. പ്രതിസന്ധികളും വിഷമങ്ങളുമുണ്ടാകുമ്പോൾ നാം അഭയം കണ്ടെത്തേണ്ടതും കുരിശിലാണെന്നും ഫ്രാൻസിസ് പാപ്പ പറഞ്ഞു.

സഭയിലെ അധികാരവികേന്ദ്രീകരണത്തെക്കുറിച്ചും മാർപാപ്പ സിനഡംഗങ്ങളോട് സംസാരിച്ചു. സഭയിൽ ഓരോരുത്തർക്കും കർത്താവ് ഓരോ ദൗത്യങ്ങൾ നൽകിയിട്ടുണ്ട്. ഈ ദൗത്യങ്ങൾ ഉത്തരവാദിത്ത്വബോധത്തോടെ നിർവ്വഹിക്കപ്പെടണം. അതോടൊപ്പം അധികാരം വേണ്ട വിധം വിനിയോഗിക്കുന്നതിലും ശ്രദ്ധിക്കണം.

എല്ലാവരും വ്യത്യസ്തരാണ്. ഈ വൈരുദ്ധ്യങ്ങൾക്കിടയിലും ഐക്യത്തോടെ മുന്നേറണം. ആത്മായരും അജപാലകരും ഒരുമയോടെ പ്രവർത്തിക്കണം. അപ്പോഴാണ് നാം യഥാർത്ഥ ദൈവജനമാകുന്നത്. ശിഷ്യൻമാരുടെ കാലുകൾ കഴുകാൻ സ്വയം ചെറുതായ യേശുവിനെപ്പോലെ ശുശ്രൂഷ ചെയ്യണമെന്നും ഫ്രാൻസിസ് പാപ്പാ പറഞ്ഞു.